


**സഹയാത്രികർ**

■ **അബൂഫിദൽ**

# കുളിമുറിയും വിമാനത്താവളവും

**കിൽജി.**

ആ പേരിൽ നിന്ന് അലാവുദ്ദീനെ മുറിച്ചു മാറ്റിയ നിലയിൽ പത്രങ്ങളിൽ അയാളുടെ രേഖാചിത്രം ചോർന്നു. ഓരോ സെക്കന്റിനെയും ചുരമാന്തിക്കൊണ്ട് ചാനലുകൾ പടക്കുതിരയെപ്പോലെ കിൽജിക്കു പിറകിലുണ്ടായിരുന്നു. ആരാണ് കിൽജി എന്നതിന് പത്രങ്ങൾ ജാതകവും ജീവചരിത്രവുമെഴുതി. കിൽജി ഒരു വേട്ട മൃഗമായി. ടീപ്പോയിൽ കാലുയർത്തി വെച്ച് കടലകൊറിച്ച് മാന്യന്മാരായ നമ്മൾ അതു കണ്ടു. കശ്മീർ ഭീകരൻ.

റിപ്പോർട്ടർ കാണിപ്പയ്യൂരായി.

കിൽജി വന്നിറങ്ങിയത് ബേപ്പൂർ തുറമുഖത്ത്? ആറര അടി പൊക്കമെന്ന് ഒരു പത്രം. കുള്ളനെന്ന് മറ്റെ പത്രം.

പോലീസുകാരിൽ നിന്ന് പത്രക്കാർ രഹസ്യമായി വാർത്തകളെ മാന്തി. ഒരു പ്രമുഖ പത്രത്തിന്റെ ലീഡ് വായിച്ച് ഡി.ഐ.ജി സ്വാമിയെ വിളിച്ചു.

എന്താണിത്?

സാർ, മനസ്സിലായില്ല.

അല്ലെങ്കിലും അക്ഷരം പണ്ടേ തനിക്ക് അലർജിയാണല്ലോ. കിൽജി ഒരു വ്യാജപ്പേരാണെന്ന്. പ്രതി അമുസ്ലിമാണെന്ന്.

ചാനലുകൾ അതേറ്റെടുത്ത് തീപാറിയ ചർച്ചകൾ നടത്തി.

കോടതി സ്വമേധയാ കേസെടുത്തു.

കിൽജിയെ ദേഹപരിശോധനക്ക് വിധേയമാക്കണം. ഒരാഴ്ചത്തെ സമയം ചോദിച്ചു, അന്വേഷണ സംഘം.

പ്രത്യേകം തയാറാക്കി കസേരയിൽ കൈകൾ പിന്നിൽ വലിച്ചു കെട്ടി, കാലുകൾ ഇരുവശങ്ങളിലേക്കും വലിച്ചു കവച്ചു; ഒരു കുതറലിന് പോലും സാധ്യതയില്ലാത്തവിധം.

പിറന്ന പടിയാലെ ആ ഇരിപ്പിൽ നിന്ന് ലിംഗത്തിന്റെ ചർമ്മം ഇടം കൈകൊണ്ട് വലിക്കും മുമ്പ്, ഏറെ നാളായി പണിയില്ലാതെ അലയുകയായിരുന്ന ആ നാടൻ ഒസാൻ തന്റെ തുരുമ്പിച്ച കത്തി കൈപ്പത്തിയിലെ തഴമ്പിന് മേൽ നാല് തേപ്പു തേച്ചു. പിന്നെ കത്തി വേദനയാൽ കണ്ണടച്ചു ചുംബിച്ചു.

പ്രാണവേദനയോടെ കിൽജി വിളിച്ചു:

അമ്മേ, പെങ്ങളേ, ഓടിവായോ...'

(ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് എഴുതിയ *മതഭ്രാന്തൻ* എന്ന കഥയിൽ നിന്ന്, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ഫെബ്രുവരി 28, 2010)

ജീവിതത്തിൽ ഒരിക്കൽ പോലും ഇസ്‌ലാം ആചരിക്കുകയോ അതിൽ താൽപര്യം കാണിക്കുകയോ ചെയ്തിട്ടില്ലാത്ത മുസ്‌ലിമിന് പോലും അവന്റെ സ്വത്വം വെളിപ്പെടുന്ന രണ്ട് സന്ദർഭങ്ങളാണ് ഇന്നുള്ളത്. ഒന്ന്, സ്വാഭാവികമായും കുളിമുറി. ഛേദിക്കപ്പെട്ട ആ ലിംഗാഗ്രം തന്റെ മുസ്‌ലിം സ്വത്വത്തിന്റെ പ്രതീകമായി ഓരോ കുളിയിലും അവനിൽ ആവേശിച്ചു വരും. അടുത്ത കാലത്തായി രൂപപ്പെട്ടതാണ് രണ്ടാമത്തെ സന്ദർഭം. എയർപോർട്ട്. ഓരോ എയർപോർട്ടിലൂടെ കടന്ന് പോവുമ്പോഴും മുസ്‌ലിം അവന്റെ സ്വത്വത്തിന്റെ വിലയോ വിലക്കുറവോ തിരിച്ചറിയും. അത് ഷാറൂഖ് ഖാൻ മുതൽ എ.പി.ജെ അബ്ദുൽ കലാം വരെയുള്ളവർ തിരിച്ചറിഞ്ഞു കഴിഞ്ഞു.

ലിംഗാഗ്രം ഛേദിക്കപ്പെട്ട മുസ്‌ലിമിന്റെ വ്യഥകൾ നമുക്ക് മാറ്റിനിർത്താം. വ്യാജമായ ഒരു 'തീവ്രവാദ സ്ഫോടന'ത്തിൽ പിടിക്കപ്പെട്ട തെരുവ് ഭ്രാന്തനെ ലിംഗാഗ്രം ഛേദിച്ച് മുസ്‌ലിമാക്കുന്ന 'തീവ്രവാദ വിരുദ്ധ പോരാട്ടത്തെ'ക്കുറിച്ച കറുത്ത ഹാസ്യമാണ് പൊയ്ത്തുംകടവിന്റെ ആരിലും ഇളക്കമുണ്ടാക്കുന്ന കഥ.

മുസ്‌ലിം തീവ്രവാദത്തെക്കുറിച്ച് മുഖ്യധാരാ മാധ്യമങ്ങൾ ഛർദിക്കുന്ന വൃത്തികേടുകൾ മൃഷ്ടാന്നം വാരിക്കഴിച്ച് അത് തന്നെ വീണ്ടും ഛർദിക്കുന്ന സാമുദായിക രാഷ്ട്രീയക്കാരും 'മിതവാദ' മതസംഘടനകളും സൃഷ്ടിക്കുന്ന ബഹളങ്ങൾക്കിടയിൽ പൊയ്ത്തുംകടവിന്റെ കഥ കരിവീട്ടിക്കാതലിന്റെ കരുത്തുള്ള ഒരു എതിർ സത്യവാങ്മൂലം തന്നെയാണ്. കഥയറിയാതെ ആട്ടം തുള്ളുന്ന സമുദായത്തിലെ ബഹുമാനപ്പെട്ടവർക്ക് പക്ഷേ, അതൊന്നും വായിക്കാനും മനസ്സിലാക്കാനും സാധിച്ചെന്നു വരില്ല.

## കുളിമുറിയെക്കുറിച്ച് തന്നെ

കുളിക്കുന്നത് ആരോഗ്യത്തിന് ഹാനികരം എന്നു വിശ്വസിച്ച് ശരീരത്തിലെ അഴുക്ക് നീക്കാൻ പരസ്പരം ചൊറിഞ്ഞു ജീവിച്ച ഒരു കാലമുണ്ടായിരുന്നു മധ്യകാല യൂറോപ്പിന്. ഇംഗ്ലണ്ടിൽ ഒന്നാം എലിസബത്ത് രാജ്ഞി മാസത്തിൽ ഒരു തവണ മാത്രമേ കുളിക്കാറുണ്ടായിരുന്നുള്ളൂവത്രെ. അവരുടെ പിൻഗാമി ജയിംസ് ഒന്നാമനാകട്ടെ, തന്റെ വിരലുകൾ മാത്രമേ കഴുകാറുണ്ടായിരുന്നുള്ളൂ. ഫ്രഞ്ച് കൊട്ടാരത്തിലെ ഇടനാഴികൾ മുഴുവൻ ചക്രവർത്തിമാർ മലമൂത്ര വിസർജനം ചെയ്ത് നിറച്ചത് അക്കാലത്തെ ചരിത്രരേഖകളിലുണ്ട്. കക്കൂസിലെ വിസർജന സ്റ്റൂളിലിരിക്കുന്ന തിരുമനസ്സിനെ പരിചരിക്കുന്നത് വലിയ അന്തസ്സായി കരുതിയ ഒരു കാലവും യൂറോപ്പിന് ഉണ്ടായിരുന്നു...ആരോഗ്യത്തിന് കുളി ഹാനികരമാണെന്ന വിശ്വാസത്തിന്റെ ഭാഗമായി 1538ൽ ഫ്രാൻസിലെ രാജാവ് ഫ്രാങ്കോ ഒന്നാമൻ എല്ലാ പൊതുകുളിസ്ഥലങ്ങളും അടച്ചിടുകയുണ്ടായി. ഹെൻറി എട്ടാമൻ രാജാവ് 1546ൽ സൗത്താർക്കിലെ എല്ലാ സ്നാനാലയങ്ങളും ഇതേ പോലെ അടച്ചിട്ടിരുന്നു....പ്രഭാത സവാരിക്കു പോകുന്ന ഫ്രഞ്ചുകാർ തലയിൽ മുണ്ടിട്ടു നടക്കേണ്ട ഒരു കാലമുണ്ടായിരുന്നു. മുകൾ നിലയിലെ മുറികളിൽ താമസിച്ചിരുന്ന ഫ്രഞ്ചുകാർ ഉപയോഗിച്ചു വന്ന മൂത്രപ്പാത്രങ്ങൾ രാവിലെ വൃത്തിയാക്കാനുള്ള വഴി മുറിയിലെ ജനലിൽ നിന്ന് രാവിലെ വിസർജ്യം താഴെക്ക് ഒഴിക്കുകയായിരുന്നു. വിർജിനിയ സ്മിത്തിന്റെ *ക്ലീൻ: എ ഹിസ്റ്ററി ഓഫ് പേഴ്സനൽ ഹൈജീൻ ആന്റ് പ്യൂരിറ്റി*, റോസ് ജോർജിന്റെ *ദ ബിഗ് നെസസിറ്റി: അഡ്‌വെൻചേർസ് ഇൻ ദ വേൾഡ് ഓഫ് ഹ്യൂമൻ വെയ്സ്റ്റ്* എന്നീ കൃതികളെ മുൻനിർത്തി കെ.സി സലീം എഴുതിയ ലേഖനത്തിൽ നിന്നാണ് മുകളിലുദ്ധരിച്ചത് (അശുദ്ധിയിൽ അവർ മുമ്പേ നടന്നു, *തേജസ്* ദ്വൈവാരിക, മാർച്ച് 16–31) മധ്യകാല യൂറോപ്പിന്റെ മാത്രമല്ല, ആധുനിക യൂറോപ്പിന്റെ പോലും ശുദ്ധിബോധത്തെ വിശകലനം ചെയ്യുന്നതാണ് ലേഖനം. ഒപ്പം വൃത്തിയെക്കുറിച്ച ഇസ്‌ലാമിക പാഠങ്ങളെ ആഴത്തിൽ പരിശോധിക്കുന്നുമുണ്ട് ലേഖകൻ.

പൊതുകുളിമുറികൾ എന്ന കാഴ്ചപ്പാട് ലോകത്തിന് സമ്മാനിച്ചത് ഇസ്‌ലാമിക നാഗരികതയാണ് എന്നത് സുവിദിതമാണ്. *ഇസ്‌ലാമിക നാഗരികത: ചില ശോഭന ചിത്രങ്ങൾ* എന്ന പുസ്തകത്തിൽ (പ്രസാധനം: ഐ.പി.എച്ച്) ഡോ. മുസ്തഫസ്സിബാഈ ഇസ്‌ലാമിക ഖിലാഫത്തിന് കീഴിൽ വിവിധ നഗരങ്ങളിലുണ്ടായിരുന്ന പൊതുകുളിമുറികളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

'പണ്ട് പൂക്കളാലും ചെടികളാലും വലയം ചെയ്യപ്പെട്ടു നിന്നിരുന്ന മനോഹരമായ സ്നാനഗൃഹങ്ങൾ അതിന്റെ ലാളിത്യം കൊണ്ടും ശിൽപ്പപരമായ മനോഹാരിത കൊണ്ടും ഇപ്പോഴും ശ്രദ്ധേയമായി നിലകൊള്ളുന്നു. വെള്ളം ചിതറി വീണുകൊണ്ടിരിക്കുന്ന ഫൗണ്ടനുകൾ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ പൊതുസ്നാനഗൃഹങ്ങൾക്കുമപ്പുറം സ്വകാര്യതയേറെയുള്ള

അകത്തളങ്ങളും രാജകുമാരിമാരുടെ സ്നാനഗേഹങ്ങളുമാണുള്ളത്...സ്ത്രീകൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന സ്വകാര്യമായ സ്നാനഗൃഹങ്ങളുടെ ഉള്ളിലേക്ക് പുറത്തെ കണ്ണുകൾക്കെത്താൻ കഴിയാത്ത തരത്തിലുള്ള വെളിച്ച ക്രമീകരണം ശ്രദ്ധേയമാണ്. പ്രകാശം നിഷിദ്ധമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള ഈ സ്നാനഗൃഹങ്ങളിലേക്ക് ഉയരമുള്ള മേൽക്കൂരകളിൽ ഉണ്ടാക്കിയിട്ടുള്ള ചെറുസുഷിരങ്ങളിലൂടെയാണ് മാന്ത്രികതയുടെ വിരൽസ്പർശവുമായി വെളിച്ചം കടന്നെത്തുന്നത്'. (ചലചിത്ര പ്രവർത്തകനായ വി.കെ ജോസഫ് *ദേശാഭിമാനി* വാരികയിൽ എഴുതുന്ന സ്പെയിൻ യാത്രാ വിവരണ പരമ്പരയിൽ നിന്ന്, 2010 മാർച്ച് 21) ഇസ്ലാമിക സ്പെയിനിലെ (ഗ്രാനഡ) പൊതു കുളിപ്പുരകളെക്കുറിച്ചാണ് ജോസഫ് മനോഹരമായി വിവരിക്കുന്നത്. സ്പെയിൻ ഇങ്ങിനെ തിളങ്ങി നിൽക്കുന്ന കാലത്ത് സ്പെയിനിന് പുറത്തുള്ള യൂറോപ്പിന്റെ അവസ്ഥയാണ് കെ.സി സലീം തന്റെ ലേഖനത്തിൽ വരച്ചു കാണിക്കുന്നത്.

## നബി ഓർമ്മ

പറഞ്ഞാലും പറഞ്ഞാലും തീരാത്ത അറിവുകളുടെയും അനുഭവങ്ങളുടെയും ഏഴാഴിയാണ് റസൂലിന്റെ ജീവിതവും വ്യക്തിത്വവും. ലോകത്തെങ്ങും ജനകോടികൾ ആ അൽഭുതത്തെ എപ്പോഴു മെപ്പോഴും ഓർത്തുകൊണ്ടേയിരിക്കുന്നു. റബീഉൽ അവ്വലിൽ, നബി ദിനത്തിൽ അവർ കൂടുതലായി പ്രവാചകനെ ഓർക്കുകയും പ്രകീർത്തനം ചൊല്ലുകയും ചെയ്യുന്നു. നബി ദിനത്തിന്റെ ഭാഗമായി വിവിധ ഇസ്ലാമിക പ്രസിദ്ധീകരണങ്ങൾ ധാരാളം നബി പഠന ലേഖനങ്ങൾ പ്രസിദ്ധീ കരിക്കുകയുണ്ടായി. *പ്രബോധനം, തേജസ്, രിസാല, സിറാജ്* എന്നിവ പ്രത്യേകം പതിപ്പുകളും ഇറക്കി. ഓരോന്നും വൈവിധ്യം കൊണ്ടും ഗൗരവമുള്ള സമീപനങ്ങൾ കൊണ്ടും ശ്രദ്ധേയമായിരു ന്നു. ■